## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2704** — **06/02/2018-ൽ മറുപടിയ്ക്ക്.**

## മിൽക്ക് ഷെഡ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.,സി.ജോസഫ്<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) | |
| (എ) | 'മിൽക്ക് ഷെഡ് പദ്ധതി' സംസ്ഥാനത്ത് എന്നുമുതലാണ് നടപ്പിലാക്കിയത് ; | (എ) | 2005-06 മുതലാണ് സംസ്ഥാനത്ത് മിൽക്ക് ഷെഡ് പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. |
| (ബി | പ്രസ്തുത പദ്ധതിയിൻ കീഴിൽ കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം കൈവരിച്ച നേട്ടങ്ങൾ ഓരോ വർഷവും വകുപ്പ് വിലയിരുത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി 2015-16 വർഷത്തിൽ സെന്റർ ഫോർ മാനേജീരിയൽ ഡവലപ്മെന്റ് (CMD) എന്ന സ്ഥാപനത്തെക്കൊണ്ട് മുൻ വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ അവലോകനം നടത്തുകയുണ്ടായി. വകുപ്പ് തലത്തിലുള്ള ശില്പശാലകളിലും അവലോകന യോഗങ്ങളിലും ടി പദ്ധതി സംബന്ധിച്ച നേട്ടങ്ങൾ വിലയിരുത്താറുണ്ട്. |
| (സി | സംസ്ഥാനത്തെ ഉല്പാദനക്ഷമത യുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ പ്രസ്തുത പദ്ധതി എത്രമാത്രം സഹായക മായിട്ടുണ്ട്; | (സി) | സംസ്ഥാനത്തിനകത്ത് ഇറച്ചിക്കും മറ്റും കന്നുകാലികളെ ഉപയോഗിക്കുന്നതിനാലും മറ്റു വിവിധ കാരണങ്ങളാലും കന്നുകാലികളുടെ എണ്ണം വളരെയധികം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കൂടുതൽ കറവപശുക്കളെ സംസ്ഥാനത്ത് എത്തിക്കേണ്ടത് അനിവാര്യമാണ്. |

മിൽക്ക്ഷെഡ് വികസന പദ്ധതി നിർവ്വഹണ മാർഗ്ഗ നിർദ്ദേശ പ്രകാരം ഉൽപാദനക്ഷമതയുള്ള പശുക്കളെ ഇതര സംസ്ഥാനത്തു നിന്നും മാത്രമേ വാങ്ങാൻ സാധിക്കുകയുള്ളു. നമ്മുടെ സംസ്ഥാനത്തെ ഉൽപാദനക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പ് ഇത്തരത്തിൽ ഒരു മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളത്.

2005 -06 മുതൽ 2016-17 വരെ 63592 കറവ പശുക്കളെയും 11880 കിടാരികളെയും പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തിനകത്തേക്ക് വാങ്ങി കൊണ്ടുവന്നിട്ടുണ്ട്.

| വർഷം | കറവ പശുക്കൾ | കിടാരികൾ |
|---|---|---|
| 2005-- 06 | 490 | 0 |
| 2006- 07 | 5884 | 0 |
| 2007 - 08 | 10440 | 0 |
| 2008-09 | 7000 | 480 |
| 2009-2010 | 4079 | 750 |
| 2010 - 11 | 4270 | 1260 |
| 2011 - 12 | 2550 | 980 |
| 2012 - 13 | 3507 | 1000 |
| 2013 - 14 | 4717 | 1175 |
| 2014 - 15 | 6339 | 1770 |
| 2015 - 16 | 7215 | 2145 |
| 2016 - 17 | 7101 | 2320 |
| **ആകെ** | **63592** | **11880** |

(ഡി) ക്ഷീരോല്പാദനം ഒരു ഉപജീവന മാർഗ്ഗമാക്കി സ്വയംതൊഴിൽ കണ്ടെത്തുന്നതിനു ഗ്രാമീണ മേഖലയിലെ യുവതീ യുവാക്കളെ പ്രേരിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ടോ ?

(ഡി) ക്ഷീരോല്പാദനം ഒരു ഉപജീവനമാർഗ്ഗമാക്കി സ്വയം തൊഴിൽ കണ്ടെത്തുന്നതിനു ഗ്രാമീണമേഖലയിലെ യുവതീ യുവാക്കളെ പ്രേരിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഓരോ വർഷവും 25000 ത്തോളം ക്ഷീരകർഷകർക്ക് പ്രത്യക്ഷമായോ, പരോക്ഷമായോ ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഈ മേഖലയിൽ നിന്നുമുള്ള കർഷകരുടെ

കൊഴിഞ്ഞുപോക്ക് തടയുന്നതിനും, പ്രസ്തുത പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ വിദേശ മലയാളികളെയും യുവാക്കളെയും യുവതികളെയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് പദ്ധതി സഹായകമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.